**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **19-01-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ അനധ്യാപക തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. രാജൻ,<br>ശ്രീമതി ഇ. എസ്. ബിജിമോൾ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ** | | **Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലെയും അനധ്യാപക തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. ക്ക് വിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പതിമൂന്ന് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി യ്ക്ക് വിട്ടിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തസ്തികകളിലെ നിയമനമാണ് പി.എസ്.സി. ക്ക് വിട്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | 26/02/2016 തീയതിയിലെ സ.ഉ.(അച്ചടി) നം. 7/2016/ഉ.വി.വ ഉത്തരവ് പ്രകാരം അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II എന്നീ രണ്ട് തസ്തികകളിലേയ്ക്കും 06/11/2020 തീയതിയിലെ സ.ഉ.(അച്ചടി) നം. 37/2020/ഉ.വി.വ ഉത്തരവ് പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്, യൂണിവേഴ്സിറ്റി ലൈബ്രേറിയൻ (യു.ജി.സി) തസ്തിക, പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ്-II (ലൈബ്രറി), യൂണിവേഴ്സിറ്റി എഞ്ചിനീയർ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇൻസ്ട്രുമെന്റേഷൻ), ഓവർസിയർ ഗ്രേഡ്-II (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ), ഇലക്ട്രീഷ്യൻ, പമ്പ് ഓപ്പറേറ്റർ, പബ്ലിക് റിലേഷൻസ് ഓഫീസർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം), സെക്യൂരിറ്റി ഓഫീസർ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ഹെവി പാസഞ്ചർ/ഗുഡ്സ് വെഹിക്കിൾ), ബസ് കണ്ടക്ടർ, സിസ്റ്റം മാനേജർ, സിസ്റ്റം അനലിസ്റ്റ്, പ്രോഗ്രാമർ എന്നിങ്ങനെയുള്ള 16 തസ്തികകളിലേയ്ക്കും കൂടിയുള്ള നിയമനം നടത്തുന്നതിന് പി.എസ്.സി യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകൾ, തസ്തിക, തസ്തികകളുടെ പേരുകൾ, ശമ്പള സ്കെയിൽ, യോഗ്യത എന്നിവ എപ്രകാരം ക്രോഡീകരിച്ചുവെന്നറിയിക്കുമോ; | (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യം പരിശോധിച്ചു തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വിവിധ സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ടുകൾ, തസ്തിക, |

| | | | |
|---|---|---|---|
| | | | തസ്തികകളുടെ പേരുകൾ, ശമ്പള സ്കെയിൽ, യോഗ്യത എന്നിവ ക്രോഡീകരിച്ചത്. |
| (ഡി) | സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ നിയമനം എന്നുമുതലാണ് പി.എസ്.സി. നടത്തുന്നതെന്ന് അറിയിക്കുമോ? | (ഡി) | 22/03/2016 മുതൽ. |

സെക്ഷൻ ഓഫീസർ